# അക്കാദമിക് മാസ്റ്റർപ്ലാൻ

# ഉള്ളടക്കം


1. ആമുഖം
2. Profile
3. അധ്യാപക- അനധ്യാപക വിവരങ്ങൾ
4. തനതു പ്രവർത്തനങ്ങൾ
5. അക്കാദമിക് കലണ്ടർ
6. പഠനയാത്ര
7. SRG
8. ദിനാചരണം
9. ജൈവ ഉദ്യാനം
10. ഹെൽപ്പിംഗ് ഹാൻഡ്
11. ദിനപത്രം
12. ഉച്ചഭക്ഷണ പദ്ധതി
13. വിദ്യാരംഗം കലാസാഹിത്യ വേദി
14. സ്കൂൾ അസംബ്ലി
15. ക്ലബ്ബ് രൂപീകരണം
16. LSS - USS പരിശീലനം
17. ലഹരി വിമുക്ത ബോധവത്കരണ ക്ലാസ്
18. രക്ഷകർത്തൃ കൂട്ടായ്മ
19. സ്കൂൾ പാർലമെന്റ്
20. കൈയെഴുത്ത് മാസിക
21. വിദ്യാഭ്യാസത്തിൽ മാധ്യമങ്ങളുടെ ഉപയോഗം
22. വായന പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനം
23. പൊതുലക്ഷ്യം
24. വിദ്യാലയ കാഴ്ചപ്പാട്

25. ഇടപെടുന്ന മേഖലകൾ

26. വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം- നിലവിലെ അവസ്ഥ.

27. അക്കാദമിക പ്രവർത്തനങ്ങൾ

28. ടാലന്റ് ലാബ്

29. മോണിറ്ററിംഗ്

30 ഉപസംഹാരം

31. ചെക്ക് ലിസ്റ്റ്

# ആമുഖം

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി വില്ലേജിൽ മല്ലപ്പള്ളി പഞ്ചായത്തിൽ മുരണി കരയിൽ ആണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1890 ൽ സ്ഥാപിതമായി. മുരണി 1318-ാം നമ്പർ എൻ. എസ്സ്. എസ്സ് കരയോഗത്തിന്റെ മാനേജ്മെന്റിലുള്ള എയ്ഡഡ് സ്കൂൾ ആണ് ഇത്. പ്രഗത്ഭരായ അധ്യാപകർ, പ്രശസ്തരായ വിദ്യാർത്ഥികൾ എല്ലാം ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ടായി കാണാവുന്നതാണ്. പാഠ്യേതര പ്രവർത്തനങ്ങളിലും കലാകായിക രംഗങ്ങളിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു ഇതിന്റെ ഫലമായി ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

# Profile

Name of School : U P School Murani
Year of establishment : 1890
Name of Village : Mallappally
Name of Panchayath : Mallappally
Name of ward : 5
Name of Block : Mallappally
Name of BRC : Mallappally
Name of District : Pathanamthitta
Name of Sub-district : Mallappally
Name of HM : Vidya.S
Mobile Number : 8075005863
Email Id : upsmurani@gmail.com
School code : 37546
Name of taluk : Mallappally.

# അധ്യാപക അനധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

ഹെഡ്മിസ്ട്രസ് : ശ്രീമതി. വിദ്യ. എസ്

അധ്യാപകർ

1. അഭിലാഷ് ചന്ദ്രൻ
2. ഷെഫിയ എ. കരിം
3. ശ്രീഷ്മ എസ്. നായർ
4. ശ്രുതി. വി. കുമാർ
5. ഷബ്ന എസ്
6. അജയ്കൃഷ്ണൻ

അനധ്യാപകർ

1. പ്രവീൺ. എസ് (ഓഫീസ് അറ്റൻഡന്റ്)

## അധ്യാപകർ നിലവിലുള്ള അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ |
|---|---|---|
| എൽ.പി വിഭാഗം | 3 | 2 |
| യു. പി വിഭാഗം | 3 | 1 |
| എൽ ജി എസ് ടി ഹിന്ദി | 1 | 1 |

## വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | I | | II | | III | | IV | | V | | VI | | VII | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| വിഭാഗം | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | |
| ഒ.ബി.സി | | | | | | | | | | | | | | | | |
| എസ്.സി | | | | | | | | | | | | | | | | |
| എസ്. റ്റി | | | | | | | | | | | | | | | | |

# തനതുപ്രവർത്തനങ്ങൾ

## സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്

സ്കൂളിലെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ വിദ്യാർത്ഥികളിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും, കുട്ടികളിൽ സഹജമായ ഭാഷാപ്രയോഗം വളർത്താനും വളരെ സഹായകമാണ്. അക്ഷരങ്ങളും, ശബ്ദങ്ങൾ, ഉച്ചാരണം എന്നിങ്ങനെ അടിസ്ഥാന പരിചയം കുട്ടികൾക്ക് നൽകുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ ഓരോ ക്ലാസിനും ഇംഗ്ലീഷ് അസംബ്ലി നടത്താനുള്ള അവസരം ഒരുക്കുന്നു. ഓരോ അധ്യാപകരും അതാത് ക്ലാസിലെ കുട്ടികളോട് ചെറിയ ചെറിയ ഇംഗ്ലീഷ് വാക്കുകളും പ്രയോഗങ്ങളും മറ്റും പറയുകയും ചോദിക്കുകയും ചെയ്യുന്നു.

## കർസീവ് റൈറ്റിംഗ്

വിദ്യാർത്ഥികളുടെ എഴുത്ത്ശൈലിയും കൈയക്ഷരവും മെച്ചപ്പെടുത്തുന്നതിനായി നൽകുന്നതാണ് ഈ പരിശീലന പ്രവർത്തനം നൽകുന്നത്. മനോഹരമായും വായനായോഗ്യമായും കൈ എഴുത്ത് വികസിപ്പിക്കുന്നതിനാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഓരോ ക്ലാസിലെ അധ്യാപകരും കുട്ടികളെ ഇതിനായി വളരെ അധികം പ്രോത്സാഹിപ്പിക്കുന്നു. കഴിഞ്ഞ

ആഴ്ചയിൽ തിങ്കൾ, ബുധൻ ദിവസങ്ങ
ളിൽ എൽ.പി വിഭാഗത്തിനും ചൊവ്വ, വ്യാഴം
ദിവസങ്ങളിൽ യു.പി വിഭാഗത്തിനും
ഹിത്യമായ ക്ലാസുകൾ നടത്തി വരുന്നു.
രാവിലെ 9 മണി മുതൽ 9.45 വരെയാണ്
ഇതിനായി സമയം കണ്ടെത്തിയിരിക്കുന്ന-
ത്. ഇതിന്റെ തുടർച്ച എന്നോണം അതാ
ത് ക്ലാസുകളിലെ അധ്യാപകരും ക്ലാസിൽ
കുട്ടികളെ കേർസിവിൽ എഴുതാൻ പ്രോ
ത്സാഹനം നൽകുന്നു. ഈ അധ്യയന
വർഷത്തെ വളരെ മികച്ച ഒരു മികവായി
തന്നെ ഇതിനെ മുന്നോട്ട് വയ്ക്കാവുന്ന-
താണ്.

# അക്കാഡമിക് കലണ്ടർ

അക്കാഡമിക് കലണ്ടർ എന്നത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അധ്യയന വർഷത്തെ പ്രധാന പ്രവർത്തനങ്ങളുടെയും ചടങ്ങുകളുടെയും ഏകീകരിച്ച time table ആണ്. ഇതിലൂടെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ അധ്യയന വർഷത്തെ അക്കാദമിക് കലണ്ടറിൽ കഴിഞ്ഞ വർഷങ്ങളിലെ പോലെതന്നെ ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# പഠനയാത്ര

പഠനയാത്ര എന്നത് കുട്ടികൾക്ക് ക്ലാസ്സിലെ പഠനത്തിന് പുറമെ നേരിട്ട് അനുഭവങ്ങൾ നേടാനായി സംഘടിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപരമായ യാത്രയാണിത്. ഇത് നമ്മുടെ കുട്ടികളുടെ അറിവും അനുഭവവും വർധിപ്പിക്കാൻ സഹായിക്കുന്നു. പുസ്തകപരമായി പഠിച്ച കാര്യങ്ങൾ നേരിട്ട് കാണാൻ അവസരം. ചരിത്രം, ഭൂഗോള ശാസ്ത്രം തുടങ്ങിയ ഒട്ടനവധി വിഷയവുമായി ബന്ധപ്പെട്ടുള്ള വിവിധ അനുഭവങ്ങൾ നേരിൽ കണ്ടും കേട്ടും തൊട്ടും അറിയാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. പഠനയാത്ര ആസൂത്രണം ചെയ്യാനായി ഒരു അധ്യാപകനെ ചുമതലപ്പെടുത്തുന്നു.

# SRG - School Resource Group

ഓരോ സ്കൂളിലും ഉണ്ടാകുന്ന അധ്യാപക കൂട്ടായ്മ ആണിത്. ഇത് അധ്യാപകർക്കുള്ള ഒരു പഠനവേദിയായി പ്രവർത്തിക്കുന്നു. നമ്മുടെ സ്കൂളിൽ വളരെ മികച്ച രീതിയിൽ SRG മീറ്റിംഗുകൾ കൂടുകയും അതിൽ വിവിധ വിഷയങ്ങളിലുള്ള അധ്യാപകർ തമ്മിൽ ആശയവിനിമയം നടത്തുകയും പുതിയ പഠനരീതികളും മറ്റും വികസിപ്പിക്കുകയും ചെയ്യുന്നു. ഈ മീറ്റിംഗിൽ കുട്ടികളുടെ പഠനത്തിലുള്ള ബുദ്ധിമുട്ടുകളും അതിനുള്ള പരിഹാരമാർഗങ്ങളും പരസ്പരം പങ്കുവയ്ക്കുന്നു. കുട്ടികളുടെ പഠനഫലങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗങ്ങളും ചർച്ച ചെയ്ത് സ്വീകരിക്കുന്നു.

# ദിനാചരണം

കുട്ടികളുടെ പഠനപ്രവർത്തനത്തിനോട് ഒപ്പം തന്നെ ഓരോ മാസത്തിലുമുള്ള പ്രധാനപ്പെട്ട ദിനങ്ങൾ സ്കൂളിൽ നടത്താറുണ്ട്. ഇതിനായി അധ്യാപകർ കുട്ടികളെ കൊണ്ട് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ, പ്രസംഗം, കവിതകൾ, മൈമ്, നാടകം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു ഓരോ ദിനാചരണ ദിവസവും ആ ദിവസത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കി നൽകുകയും ആ ദിനവുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് കോമ്പറ്റീഷൻ എൽ.പി തലത്തിലും യു.പി തലത്തിലും നടത്തി വരുന്നു

# ജൈവ ഉദ്യാനം

സ്കൂളിലെ ജൈവ ഉദ്യാനം വിദ്യാർത്ഥികൾക്ക് കൃഷിയും പ്രകൃതി സംരക്ഷണവും നേരിട്ട് പഠിപ്പിക്കുന്ന ഒരു മികച്ച രീതിയാണ്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് മണ്ണിനോടും സസ്യങ്ങളോടും നേരിട്ടുള്ള പരിചയം ലഭിക്കുന്നു, ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യം മനസിലാക്കുന്നു, വിദ്യാർത്ഥികൾക്ക് കൂട്ടായി പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു. ലഭ്യമായ സ്ഥലത്ത് കുട്ടികളെല്ലാം കൊണ്ട് വിളകൾ നടിയിച്ചു.

# ഹെൽപ്പിംഗ് ഹാൻഡ്

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്, അവർക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനും അതിലൂടെ എഴുത്തും വായനയും കുട്ടികളിൽ പരിപോഷിപ്പിക്കുന്നതിനായി മുൻ വർഷങ്ങളിലും നടത്തി വരുന്ന ഈ പ്രവർത്തനം ഈ വർഷവും മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നു. ഇതിനായി ഒരു അധ്യാപികയെ ചുമതല ഏൽപ്പിക്കുകയും, ആ അധ്യാപിക ഉച്ചഭക്ഷണത്തിന് ശേഷം 1.30 മുതൽ 2.15 വരെ ഈ പ്രവർത്തനം നടത്തി വരുന്നു.

# ദിനപത്രം

സ്കൂളുകളിൽ കുട്ടികളുടെ പത്രവായന വിദ്യാർത്ഥികളുടെ ഭാഷാജ്ഞാനം, പൊതുവിജ്ഞാനം, വായനാശീലം എന്നിവ വളർത്താൻ വളരെ ഫലപ്രദമായ ഒരു പ്രവർത്തനമാണിത്. ഈ പത്രവായനയിലൂടെ അന്നേ ദിവസം നടക്കുന്ന സംഭവങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ കഴിയുന്നു. കുട്ടികളിൽ സാമൂഹിക ബോധം വളർത്താൻ സഹായിക്കുന്നു. ഓരോ ക്ലാസ് മുറികളിൽ കുട്ടികൾക്കുള്ള ദിനപത്രം നൽകി വായിക്കാൻ സൗകര്യം ഒരുക്കുന്നു. ഇതിനായി ഓരോ ക്ലാസിലേയും അധ്യാപകരെ ചുമതലപ്പെടുത്തുന്നു. ദിവസവും 10-20 മിനിറ്റ് വരെ കുട്ടികൾക്ക് പത്രം വായിക്കാൻ അവസരം നൽകുന്നു. മാസാവസാനത്തോടെ വായന മത്സരവും ആ മാസത്തിലെ പത്രത്തിൽ നിന്നും ലഭിച്ച പൊതുവിജ്ഞാന ക്വിസ് നടത്തുകയും ചെയ്യുന്നു.

# ഉച്ചഭക്ഷണ പദ്ധതി

സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി (Mid-Day Meal Scheme) എന്നത് കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും പുരോഗതിയിലെത്തിക്കാനുള്ള ഒരു പ്രധാന പ്രവർത്തിയാണ്. എല്ലാ ദിവസവും കുട്ടികൾക്ക് സ്കൂളിൽ വച്ച് ഉച്ചഭക്ഷണം നൽകുന്നു. പ്രാദേശിക ഭക്ഷണ രീതിക്കും പോഷക മൂല്യത്തിനും പ്രാധാന്യം നൽകുന്നു. ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വ, വ്യാഴം) പാലും ഒരു ദിവസം (ബുധൻ) മുട്ടയും കുട്ടികൾക്ക് നൽകി വരുന്നു. എല്ലാ ആഴ്ചയിലെ വ്യാഴാഴ്ച കുട്ടികൾക്ക് അയൺ ഫോളിക് ഗുളികകൾ നൽകി വരുന്നു.

## ഉച്ചഭക്ഷണ മെനു

| ദിവസം | വിഭവങ്ങൾ |
|---|---|
| തിങ്കൾ | ചോറ്, സാമ്പാർ, തോരൻ |
| ചൊവ്വ | പാൽ, ചോറ്, തോരൻ, തീയൽ |
| ബുധൻ | മുട്ടക്കറി, തോരൻ, സാലഡ് |
| വ്യാഴം | പാൽ, പയർ തോരൻ, മത്തങ്ങ എരിശ്ശേരി |
| വെള്ളി | കടലക്കറി / സോയാബീൻ, തോരൻ, പുളിശേരി |

കുട്ടികളുടെയോ അധ്യാപകരുടെയോ പിറന്നാൾ, മറ്റ് വിശേഷ ദിവസങ്ങളിൽ ഉച്ചഭക്ഷണ മെനുവിൽ മാറ്റം വരുന്നതായിരിക്കും.

# വിദ്യാരംഗം കലാസാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദി എന്നത് വിദ്യാർത്ഥികളിൽ സൃഷ്ടിപരമായ ചിന്തകൾ ഉണർത്തുന്ന, വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്ന ഒരു മികച്ച വേദിയാണിത്. ഓരോ വർഷവും സ്കൂളിൽ വിദ്യാരംഗത്തിന്റെ യൂണിറ്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മറ്റ് വർഷങ്ങളിലെ പോലെ തന്നെ ഈ വർഷവും സ്കൂൾതല വിദ്യാരംഗ കമ്മിറ്റി രൂപീകരിക്കുകയും എല്ലാ കുട്ടികളെയും ആ കമ്മിറ്റിയിൽ അംഗങ്ങളാക്കുകയും ചെയ്തു. ഈ വർഷവും വിദ്യാരംഗം കോർഡിനേറ്ററെയും വിദ്യാരംഗം സെക്രട്ടറി ആയി സ്കൂളിലെ മുതിർന്ന ക്ലാസിലെ ഒരു കുട്ടിയെ തിരഞ്ഞെടുക്കുകയും ചെയ്തു. സ്കൂൾ തല മത്സരങ്ങൾക്ക് വിജയിക്കുന്ന കുട്ടികളെ ഉപജില്ലാതല മത്സരങ്ങൾക്ക് വേണ്ടി പങ്കെടുപ്പിക്കുന്നു.

# സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലി എന്നത് സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ഒത്തുചേരുന്ന ഒരു കൂട്ടായ്മയാണ്. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ക്ലാസ് അടിസ്ഥാനത്തിൽ ആഴ്ചയിൽ രണ്ട് ദിവസം (തിങ്കൾ, വ്യാഴം) അസംബ്ലി നടത്തുന്നു. സ്കൂളിന്റെ അച്ചടക്കത്തിനും പൊതുവായ കാര്യങ്ങൾ എല്ലാവരെയും അറിയിക്കുന്നതിനും ഇത് സഹായകമാണ്. കുട്ടികളിൽ സഹകരണമനോഭാവം, സാമൂഹിക ബന്ധങ്ങൾ ഉറപ്പിക്കൽ എന്നിവ വളർത്താൻ സഹായിക്കുന്നു.

## അസംബ്ലി - വിവിധ ഘട്ടങ്ങൾ

* പ്രാർത്ഥന
* പ്രതിജ്ഞ
* പത്രവായന
* ഇന്നത്തെ ചിന്താവിഷയം
* പൊതുവിജ്ഞാനം
* എക്സർസൈസ്
* പൊതുവായ സന്ദേശം
* ദേശീയഗാനം

# ക്ലബ്ബുകളുടെ രൂപീകരണം

സ്കൂൾ വിദ്യാഭ്യാസത്തെ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിനായി വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നത് അനിവാര്യമാണ്. ക്ലാസ് മുറിക്കകത്തെ പാഠഭാഗങ്ങളോട് കൂടെ സഹപാഠികളും അധ്യാപകരുമായി ചേർന്ന് വ്യക്തിത്വ വികസനം, സാമൂഹിക ബാധ്യത, ശാസ്ത്രീയ മനോഭാവം, സാംസ്കാരിക ബോധം എന്നിവ വളർന്നുവെങ്കിൽ മാത്രമേ വിദ്യാഭ്യാസം സമഗ്രമാവുക ഉള്ളൂ. ആയതിനാൽ തന്നെ സ്കൂളിൽ വ്യത്യസ്ത ക്ലബ്ബുകളുടെ രൂപീകരണം നടത്താം.

## ക്ലബ്ബുകൾ

* സാഹിത്യ ക്ലബ്ബ് (മലയാളം / ഇംഗ്ലീഷ് / ഹിന്ദി)
* സയൻസ് ക്ലബ്ബ്
* സോഷ്യൽ സയൻസ് ക്ലബ്ബ്
* ഗണിത ക്ലബ്ബ്
* നേച്ചർ ക്ലബ്ബ്

# LSS-USS പരിശീലനം

LSS (4-ാം ക്ലാസ്) USS (7-ാം ക്ലാസ്) കുട്ടികൾക്കു വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ സ്കോളർഷിപ്പ് പരീക്ഷയാണ്. വിദ്യാർത്ഥികളിലെ പ്രതിഭ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഈ പരീക്ഷ നടത്തുന്നത്. ഇതിനായി കുട്ടികൾക്ക് കൃത്യമായ പരിശീലനം സ്കൂളിൽ നടത്തുന്നു. ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ പരീക്ഷ പരിശീലനത്തിനായി അധ്യാപകരുടെ പ്രത്യേക സമിതി രൂപീകരിക്കും. പഠനത്തിൽ മികച്ച് നിൽക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കുന്നു. പാഠ്യേതര വായനയും ഗണിത പരിശീലനം എന്നിവയിൽ പ്രോത്സാഹനം നൽകും. മോഡൽ പരീക്ഷകൾ, സർപ്രൈസ് പരീക്ഷകൾ എന്നിവ ഉൾപ്പെടുത്തും പരിശീലനം കാര്യക്ഷമം ആക്കാൻ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കും.

# ലഹരി വിമുക്ത ബോധവത്കരണ ക്ലാസ്

ലഹരിക്ക് എതിരായ അവബോധം ഏറെ പ്രാധാന്യമർഹിക്കുന്ന കാലഘട്ടമാണിത്. പിഞ്ചുകുഞ്ഞുങ്ങളെ മുതൽ മുതിർന്നവരെ വരെ ഒരേ രീതിയിൽ തന്റെ വലയിലാക്കാൻ പതിയിരിക്കുന്നവരാണ് ലഹരി വിൽപന നടത്തുന്നവർ. ലഹരി ഉപയോഗം, അതിന്റെ ദൂഷ്യവശങ്ങൾ, അവ ഉപയോഗിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന രോഗങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളെ കുറിച്ച് കുട്ടികളെ ബോധവൽകരിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലാസുകൾ സ്കൂളിൽ ഏർപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ തന്നെ സ്കൂളിൽ നടപ്പാക്കുകയും ചെയ്യും.

# രക്ഷാകർത്തൃ കൂട്ടായ്മയുടെ സജീവ പങ്കാളിത്തം

രക്ഷാകർത്താക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെയും വ്യക്തിത്വ വളർച്ചയുടെയും അടിസ്ഥാനശിലകളാണ്. സ്കൂളുകൾ ഒരു വിധത്തിൽ അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും പങ്കാളിത്തത്തിലൂടെയാണ് സുസ്ഥിരമായ വിദ്യാഭ്യാസം സാധ്യമാകുന്നത്. അതിനാൽ തന്നെ PTA യുടെ സജീവ പങ്കാളിത്തം സ്കൂളിൽ മികച്ച രീതിയിൽ തന്നെ മുന്നോട്ട് പോകുന്നു. വീട്ടിലും പാഠഭാഗങ്ങളിൽ താല്പര്യം വളർത്തി, സ്കൂൾ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്നത് കുട്ടിയുടെ പഠന ഉന്നമനത്തിനും വികാസത്തിനും സഹായകമാണ്. ഇതിനായി രക്ഷകർത്താക്കളുടെ പിന്തുണ കുട്ടികൾക്ക് അത്യാവശ്യമാണ്.

# സ്കൂൾ പാർലമെന്റ്

വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിന്റെ ഭാഗമായി സ്കൂളിൽ ഇത്തവണ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനമായി. ഇതിന്റെ ഭാഗമായി എല്ലാ ക്ലാസിലെ കുട്ടികളെയാണ് സ്ഥാനാർത്ഥികളായി നിർത്തുന്നത്. നേതൃപാടവം, കാര്യക്ഷമത തുടങ്ങിയവ ഉള്ള കുട്ടികളെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്.

# കൈയെഴുത്ത് മാസിക നിർമ്മാണം

കൈയെഴുത്ത് മാസിക പ്രവർത്തനം എന്നത് കലാസാഹിത്യ രംഗത്തെ പ്രാഥമികമായ ഒരു ചുവടാണെന്ന് പറയാം. കുട്ടികളിലെ രചനാപരമായ കഴിവുകൾ വെളിച്ചത്തു കൊണ്ടുവരാനുള്ള ഒരു അത്യാവസരമാ-യും ഇതിനെ കാണാം. ആധുനിക കാലഘട്ടത്തിൽ പ്രസിദ്ധീകരണ രംഗവും സാങ്കേതിക സാധ്യതകളും ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. എന്നിരുന്നാലും, കയ്യെഴുത്ത് മാസികകളുടെ പ്രസക്തിക്ക് ഇപ്പോഴും കാര്യമായ മങ്ങലേറ്റിട്ടില്ല.

ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളുടെ സർഗശേഷികൾ വളർത്തുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനു-മുള്ള ഒരു മികച്ച പ്രവർത്തനമാണ് കൈയെഴുത്ത് മാസിക.

# വിദ്യാഭ്യാസത്തിൽ മാധ്യമങ്ങളുടെ ഉപയോഗം

നമ്മുടെ സ്കൂൾ പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് വ്യാപിക്കുന്ന പഠനത്തിന്റെയും പ്രക്രിയയാണ് വിദ്യാഭ്യാസം. സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വീഡിയോ, ചിത്രങ്ങൾ എന്നിവ സോഷ്യൽ മീഡിയ വഴി ജനങ്ങളിലേക്കും മറ്റും എത്തിക്കുന്നു. സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തിക്കാൻ കഴിയുന്ന ഒരു വികല്പ മാർഗമാണിത്.

# വായന പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

## ലൈബ്രറി ശാക്തീകരണം

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും. ആ പ്രവർത്തനത്തിന്റെ ഭാഗമായി വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന തരത്തിലുള്ള അവസരങ്ങൾ കുട്ടികൾക്ക് ഒരുക്കി നൽകും. ഇതിനായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കും.

സ്കൂൾ പരിസരത്തിന് അടുത്ത് ഉള്ള വായനശാലയുമായി ചേർന്ന് കുട്ടികൾക്ക് വായനയിൽ താല്പര്യം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തും.

വായനാക്കുറിപ്പ്, വായന മത്സരം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും ഇത്തരം മത്സരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് വായനശാലയുടെയും സ്കൂളിന്റെയും നേതൃത്വത്തിൽ പ്രോത്സാഹന സമ്മാനം നൽകും.

# പരിമിതികൾ

## 1. സ്മാർട്ട് ക്ലാസ് റൂം

പ്രൊജക്ടർ സംവിധാനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നടത്തുന്നുണ്ട് എങ്കിലും മതിയായ എണ്ണം കമ്പ്യൂട്ടറുകൾ ഇല്ലാത്തത് ഒരു പ്രശ്നമായി അവശേഷിക്കുന്നു.

## 2. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത

ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള ഒരു കിണറിന്റെ അപര്യാപ്തത ഒരു പരിമിതിയാണ്.

# പൊതുലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ പൊതുലക്ഷ്യങ്ങളായി അവതരിപ്പിക്കുന്നു.

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (LP, UP തലങ്ങളിലെ) കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയാറാക്കി രക്ഷകർത്താക്കളുടക്കമുള്ള സമൂഹത്തെ അറിയിക്കുക.
3. കുട്ടികളുടെ സർഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന-ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരൻമാരെ വളർത്തുക.
4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അവരെയും മുന്നോട്ട് കൊണ്ടുവരുന്നതിനു പരിശ്രമിക്കുക.
6. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.

# വിദ്യാലയ കാഴ്ചപ്പാട്

സാധാരണക്കാരുടെ കുട്ടികൾക്ക് കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് രക്ഷകർത്താക്കളുടെ സഹകരണത്തോടെ കൂടുതൽ പ്രവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്നു.

കുട്ടികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്തുന്നതിനും കണ്ടെത്തിയ പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകുന്നതിനായി അധ്യാപകരും രക്ഷകർത്താക്കളും ഒന്നിച്ച് ഒരേമനസോടെ പ്രവർത്തിക്കുമെന്ന് ആഗ്രഹിക്കുന്നു. സ്കൂൾ മാനേജ്മെന്റിൽ നിന്നുള്ള കൂടുതൽ പിന്തുണയും ആഗ്രഹിക്കുന്നു.

# ഇടപെടുന്ന മേഖലകൾ

1. മലയാളം
2. ഇംഗ്ലീഷ്
3. ഹിന്ദി
4. ഗണിതം
5. സോഷ്യൽ സയൻസ്
6. അടിസ്ഥാനശാസ്ത്രം
7. കലാകായിക ആരോഗ്യപ്രവർത്തനങ്ങൾ
8. ടാലന്റ് ലാബ്
9. ഐ ടി അധിഷ്ഠിത പഠനം

# മലയാളം

| ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തനവിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| വായനാശേഷി വളർത്തൽ | വായിക്കാം വളരാം | കുട്ടികൾക്ക് വായനയിൽ താല്പര്യം വർധിപ്പിക്കുന്നതിനായി അവർക്ക് ബാലമാസികകളും ബാലസാഹിത്യകൃതികളും ചിത്രകഥാപുസ്തകങ്ങളും നൽകുന്നു. | ദീർഘകാലം | ബാലമാസിക ചിത്രകഥാപുസ്തകങ്ങൾ ബാലമാസികകൾ | | PTA BRC staff |
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുതാം തെളിയാം | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | വർഷം മുഴുവൻ | ചാർട്ട് സ്കെച്ച് പെൻ | | PTA Parents staff |
| അറിവ് ഡിജിറ്റലായി | കണ്ടറിയാം കേട്ടറിയാം | ICT യുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ആവശ്യാനുസരണം | Laptop Projector | | PTA staff |
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് | വളർത്തിയെടുക്കാം എഴുത്തിലും വായനയിലും | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. | ദീർഘകാലം | ചാർട്ട് സ്കെച്ച് നോട്ട്ബുക്ക് | | PTA Parents staff |

# ഇംഗ്ലീഷ്

| ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തനവിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear | ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | മധ്യകാലം | സ്പീക്കർ ലാപ്ടോപ്പ് | | PTA Staff |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too can | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. | ദീർഘകാലം | വായനാ കാർഡുകൾ | | PTA staff |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Run Baby Run | ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവിശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ആദ്യം എഴുതിയ ഗ്രൂപ്പിനെ വിജയി ആയി പ്രഖ്യാപിക്കുന്നു. | | ചാർട്ട് മാർക്കർ | | Staff |

# ഹിന്ദി

പൊതുലക്ഷ്യം : രാഷ്ട്രഭാഷയായ ഹിന്ദി എല്ലാ കുട്ടികൾക്കും അനായാസം എഴുതുന്നതിനും വായിക്കുന്നതിനും അവരെ പ്രാപ്തരാക്കുക.

| ക്രമ നം. | ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളിലും ഹിന്ദി അക്ഷരപഠനം സാധ്യമാക്കുക, അർത്ഥപൂർണ്ണമായ വായന കുട്ടികളിൽ പ്രാവർത്തികമാക്കുക. | അക്ഷരകാർഡുകൾ | ഹിന്ദി അക്ഷരങ്ങൾ എഴുതിയ കാർഡുകൾ നൽകൽ പദങ്ങളുടെ നിർമ്മാണം സാധ്യമാക്കൽ, ഇത്തരം പദങ്ങളിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ, വാക്യങ്ങളിലൂടെ വായന സാധ്യമാക്കൽ തുടർവായനയ്ക്ക് ഹിന്ദി ബാലമാസികകൾ കഥാപുസ്തകങ്ങൾ എന്നിവ നൽകി രാഷ്ട്രഭാഷയുടെ മഹത്വം കുട്ടികളിൽ എത്തിക്കുന്നു. | മധ്യകാലം | ബാലമാസികകൾ അക്ഷരകാർഡുകൾ, കഥാപുസ്തകങ്ങൾ ചാർട്ടുകൾ സ്കെച്ച് പെൻ ചോക്ക് ഹിന്ദി വാർത്താ സംപ്രേക്ഷണം. | 500 | ഹിന്ദി അധ്യാപകർ |
| 2. | ഹിന്ദിപഠനം കൂടുതൽ രസകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ഹിന്ദി പഠനം ലളിതമാക്കാം | വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഹിന്ദികാർട്ടൂണുകൾ പുരാണ ഇതിഹാസകഥകൾ (മഹാഭാരതം, രാമായണം) കാണിക്കുന്നു. ഇതിലൂടെ ആശയ സ്വാംശീകരണം സാധ്യമാകുന്നു. | ദീർഘകാലം | ലാപ്ടോപ്പ് പ്രൊജക്ടർ കമ്പ്യൂട്ടർ സ്പീക്കർ സിസ്റ്റം | 1000 | ഹിന്ദി അധ്യാപകർ ഹിന്ദി മാധ്യമമായി ഉപയോഗിക്കുന്ന മറ്റുസംസ്ഥാനങ്ങളിലെ ആളുകൾ. |

# ഗണിതം

| ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തനവിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | കുട്ടികൾക്ക് രസകരമാകുന്നതരത്തിലുള്ള ഗണിതകളികൾ കളിപ്പിക്കുന്നു. | വർഷം മുഴുവൻ | നമ്പർ കാർഡുകൾ സ്ലിപ്പുകൾ | | PTA staff |
| ഗണിത രൂപങ്ങൾ തിരിച്ചറിയൽ | ഗണിതച്ചുമർ | ഗണിതത്തിലെ വ്യത്യസ്ത രൂപങ്ങളെ തിരിച്ചറിയുന്നു. | മധ്യകാലം | രൂപങ്ങൾ | | PTA Staff |
| കുട്ടികളിൽ സംഖ്യാബോധം ഉണ്ടാക്കുന്നു | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കുന്നു | സംഖ്യകൾ തിരിച്ചറിയാനും തിരിച്ചറിഞ്ഞവ പറയാനും | മധ്യകാലം | സംഖ്യാ കാർഡ് | | PTA staff |
| ചതുഷ്ക്രിയ ശേഷി നേടൽ | ICT വിഭവങ്ങൾ ഒന്നൊന്നായി നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു. | നിത്യജീവിതവുമായും മറ്റും ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | ദീർഘകാലം | | | PTA staff |

# സോഷ്യൽ സയൻസ്

പൊതുലക്ഷ്യം : കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുക, സഹകരണ മനോഭാവം വളർത്തിയെടുക്കുക.

| ക്രമ നം. | ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ഒന്നാം തരം മുതൽ ഏഴാം തരം വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി വിവിധ സാമൂഹിക പ്രവർത്തനങ്ങൾ, വിദ്യാലയ സംബന്ധമായ പ്രവർത്തനങ്ങൾ, സാമൂഹിക പരിഷ്കർത്താക്കളുടെ പഠനം സാധ്യമാക്കുക | കലണ്ടർ തയ്യാറാക്കൽ | എല്ലാ വർഷവും പ്രതി വർഷവും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തുള്ള കലണ്ടർ രൂപീകരണം. | ഹ്രസ്വ കാലം | കലണ്ടർ ചാർട്ട് പേപ്പർ സ്കെച്ച് പെൻ | 200 | PTA |
| | | ദിനാചരണങ്ങൾ നടത്തുന്നു. | സ്വാതന്ത്ര്യദിനം, ഗാന്ധി ജയന്തി, അധ്യാപക ദിനം, പരിസ്ഥിതി ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയവ ആചരിക്കുന്നു. ഈ ദിനങ്ങളിലെ മഹദ്‌വ്യക്തികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം | ഹ്രസ്വ കാലം | ചാർട്ട് പേപ്പർ, കമ്പ്യൂട്ടർ C.D കൾ, സ്കെച്ച് പെൻ, ക്ലാസ്സുകളിൽ ഉച്ചഭാഷിണി സംവിധാനം | 500 | BRC PTA, മാനേജ്മെന്റ് അതോറിറ്റി വിവിധ ക്ലബ്ബുകൾ |
| | | വിജ്ഞാനപ്രദമായ പ്രവർത്തനങ്ങൾ | സ്വാതന്ത്ര്യദിനം ഗാന്ധിജയന്തി ഇവയോടനുബന്ധിച്ച് പ്രത്യേക ക്വിസ് മത്സരങ്ങൾ നടത്തുക. എല്ലാ ദിവസവും ഓരോ ദിവസത്തിന്റെയും പ്രാധാന്യം | ഹ്രസ്വ കാലം | പേപ്പർ ചാർട്ട് പേപ്പർ ഇയർബുക്ക് | 150 | സ്കൂൾ ക്ലബ് PTA |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ലോകത്തെ അടുത്തറിയുന്നതിനുള്ള സാഹചര്യം ഒരുക്കുക. | ലോകത്തെ രാജ്യങ്ങളുടെ സവിശേഷതകൾ ഉൾക്കൊള്ളിച്ച് ലോകത്തെ അടുത്തറിയുവാൻ സഹായകമായ പ്രവർത്തനം | ലോകരാജ്യങ്ങളെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഓരോ രാജ്യത്തിന്റെയും പ്രധാന സവിശേഷതകൾ ആസ്പദമാക്കി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികൾക്ക് ലോകം വിരൽത്തുമ്പിലൂടെ അറിയുവാൻ പ്രാപ്തരാക്കുക. | ദീർഘകാലം | കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനം വിവിധ CDകൾ ചാർട്ട് പേപ്പർ എൻസൈക്ലോപീഡിയ | 2000 | PTA സ്കൂൾ മാനേജ്മെന്റ്. |

## ശാസ്ത്രം

പൊതുലക്ഷ്യം : കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുക

| ഉപലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| ഒന്നാം തരം മുതൽ ഏഴാം തരം വരെയുള്ള കുട്ടികളിൽ പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്ന പ്രവർത്തനങ്ങൾ | പ്രകൃതി നിരീക്ഷണം | കുട്ടികളെ എല്ലാം തന്നെ ഉൾക്കൊള്ളിച്ച് കൊണ്ട് പ്രകൃതിയെ അറിയാൻ, കണ്ട് മനസിലാക്കാൻ പര്യാപ്തമാകുന്ന യാത്രകൾ നടത്തുന്നു. | വർഷകാലം | വാഹന സൗകര്യം Nature clubന്റെ സഹായം | | PTA Nature club |
| ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ബോർഡ് നിർമിക്കുന്നു. | ശാസ്ത്ര വിസ്മയ ബോർഡ് | ശാസ്ത്രവുമായി ബന്ധപ്പെടുന്ന പുത്തൻ അറിവുകളും മറ്റും കുട്ടികളെ കൊണ്ട് തന്നെ ബോർഡിൽ തയാറാക്കുന്നു. | ദീർഘകാലം | ബോർഡ് | | PTA Staff |
| ICT യുടെ സാധ്യത ഉപയോഗിച്ച് ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു | വിസ്മയ യാത്ര | പുത്തൻ കണ്ടുപിടുത്തങ്ങൾ, ചരിത്ര നിമിഷങ്ങൾ തുടങ്ങി പാഠഭാഗവുമായി ബന്ധപ്പെട്ടവയുടെയും മറ്റും വീഡിയോ പ്രദർശനം | ദീർഘകാലം | Laptop Projector | | Staff |

| | | | | | | |
|---|---|---|---|---|---|---|
| ലഹരിവിരുദ്ധ ബോധവത്കരണത്തിലൂടെ വരും തലമുറയെ സമ്പൂർണ്ണ ലഹരിവിരുദ്ധരാക്കുവാൻ പര്യാപ്തമാക്കുക. | സമ്പൂർണ്ണ ലഹരിവിരുദ്ധ തലമുറയെ വാർത്തെടുക്കുക | ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സാധ്യമാകും വിധം വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് വ്യക്തമായി മനസിലാക്കുന്നു. ലഹരിയെ കുറിച്ച് ഉള്ള ബോധവത്കരണം ദിവസവും ക്ലാസിൽ പത്ത് മിനിറ്റ് നൽകുന്നു. | ദീർഘ കാലം | | | PTA School Management ജനപ്രതിനിധികൾ |

# കലാപഠനം

പൊതുലക്ഷ്യം : കലാഭിരുചി വളർത്തുക, കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

| ക്രമ നം. | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മകകഴിവുകളും കലാഭിരുചികളും വളർത്തുന്നുവെന്ന് ഉറപ്പാക്കുന്നു. | കലയുടെ കോടാരം | അന്യം നിന്നുപോയ കലകളെ തിരിച്ചറിഞ്ഞ് ഇത്തരം കലകളെ വളർത്തിക്കൊണ്ട് വരാൻ പര്യാപ്തമാവുന്ന ക്ലാസുകൾ കലാകാരൻമാരിലൂടെ അവതരിപ്പിക്കുക. കലോത്സവങ്ങളിൽ കുട്ടികളെ പരമാവധി പങ്കാളികളാക്കുക. കുട്ടികളിലെ വിവിധ കലകളെ തിരിച്ചറിഞ്ഞ് അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുക | ദീർഘകാലം | കലകൾക്കു പ്രാധാന്യം നൽകുന്ന ക്ലബ്ബുകൾ മികച്ച കലാകാരൻമാർ | 2500/- | വിവിധ കലാകാരൻമാർ CD |

## ആരോഗ്യ കായിക വിദ്യാഭ്യാസം

പൊതുലക്ഷ്യം : സമ്പൂർണ്ണ ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുക.

| ക്ര. നം. | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ. |
|---|---|---|---|---|---|---|---|
| 1. | ആരോഗ്യകായിക പരമായ ശേഷികൾ നേടിയെടുക്കുന്നതിന് സഹായകമാകുന്ന പ്രവർത്തനങ്ങളിലൂടെയുള്ള പഠനം | സമ്പൂർണ്ണ ആരോഗ്യമുള്ള യുവതലമുറയിലേക്ക് ഒരു ചുവടുവെയ്പ് | ആരോഗ്യദിനം കൂടുതൽ വിപുലീകരിച്ച് നടത്തുകയും ഡ്രിൽ പീരിഡുകൾ കൂടുതൽ ഫലവത്താക്കി ആരോഗ്യകായിക പ്രവർത്തനങ്ങളിലൂന്നി പ്രവർത്തനങ്ങൾ നടത്തുന്നു. യോഗാ ക്ലാസുകൾ വിവിധ കായികപരമായ കലകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ കായിക ശേഷി വർധിപ്പിക്കുന്നു. | ദീർഘ കാലം | ബാഡ്മിന്റൺ, ഷോട്ട്പുട്ട്, skipping rop etc. | 3000/- | PT അധ്യാപകർ PTA |

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ള അവസ്ഥ | ഇനി ആവശ്യമായത് |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | 7 | 2 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | — |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | — |
| കുടിവെള്ള സൗകര്യം | പരിമിതം | സ്വന്തമായ കിണർ |
| പ്രധാന അധ്യാപക മുറി | 1 | — |
| ചുറ്റുമതിൽ | — | വേണ്ടതാണ് |
| കളിസ്ഥലം | — | വേണം |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | 3 | — |
| അടുക്കള | ഉണ്ട്. | — |

# അക്കാദമിക പ്രവർത്തനങ്ങൾ

## അടുത്ത വർഷങ്ങളിലേക്ക് ആസൂത്രണം ചെയ്തവ

1. പഠനോപകരണ നിർമ്മാണം, ശേഖരണം
2. ദിനാചരണങ്ങൾ (ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ)
3. നിരന്തരവിലയിരുത്തൽ, മിഡ് ടേം പരീക്ഷകൾ
4. പഠനപിന്നോക്കക്കാർക്ക് പഠനപോഷണ പരിപാടി
5. സ്കോളർഷിപ്പ് പരീക്ഷകൾ
6. ഐ.ടി അധിഷ്ഠിത പഠനം
7. പഠനയാത്ര, ഫീൽഡ് ട്രിപ്പ്
8. വിദഗ്ധക്ലാസ്സുകൾ
9. സ്കൂൾതലമേളകൾ
10. മെഗാക്വിസുകൾ
11. പത്രങ്ങൾ
12. സ്പോക്കൺ ഇംഗ്ലീഷ്

## സാമൂഹ്യപങ്കാളിത്ത പ്രവർത്തനങ്ങൾ

1. സി.പി.ടി.എ
2. പൂർവ്വവിദ്യാർത്ഥികൾ - സംഘടനാ രൂപീകരണം
3. കോർണർ പി.ടി.എ
4. ബോധവൽക്കരണ ക്ലാസുകൾ
5. കൗൺസലിംഗ്
6. സ്കൂൾ വാർഷികം
7. ദിനാചരണം - ഓണം, കേരളപ്പിറവി, സ്വാതന്ത്ര്യദിനം, ശിശുദിനം, ക്രിസ്മസ്

# മേഖല - ടാലന്റ് ലാബ്

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ വളർത്തുന്നതിന് പ്രാദേശിക വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ
2. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
3. ഓരോ കുട്ടിയിലും മുന്നോക്കം നിൽക്കുന്ന കഴിവുകൾ കണ്ടെത്തുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1. സ്കൂൾ പ്രവേശനോത്സവത്ത് കുട്ടികൾക്ക് താൽപര്യമുള്ള കഴിവുകൾ കണ്ടെത്തുന്നു. | June-Aug | അധ്യാപകർ PTA | |
| 2. കുട്ടികളെ സർഗശേഷിയനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു. | August | കലാസാംസ്കാരികവേദി | |
| 3. കലാ-സാംസ്കാരിക ബോധവൽക്കരണ ക്ലാസുകൾ | July-Sep | PTA | |
| 4. വിദഗ്ദരെ കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ഒരു വർഷം | PTA | PTA |
| 5. എല്ലാ മത്സരവേദികളിലും പങ്കെടുക്കാൻ അവസരം | 5 വർഷം | അധ്യാപകർ | PTA |

# മോണിറ്ററിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ പൂർവ്വാപരക്രമം നിർണ്ണയിക്കുകയും ചെയ്യും. തുടർന്ന് വാർഷിക കലണ്ടർ തയാറാക്കുന്നു. ഒരു വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കുന്നു. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർന്ന് പ്രതിമാസ കലണ്ടർ തയാറാക്കുന്നു.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തൻമാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തും. അടുത്ത മാസത്തേക്ക് വേണ്ട പ്രവർത്തനങ്ങൾ തയ്യാറാക്കുകയും ചെയ്യും.

ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയാറാക്കി നടപ്പിലാക്കുകയും ചെയ്യും. എസ്.ആർ.ജി പി.ടി.എ വിഷയ സമിതികൾ വിദ്യാലയ വികസന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കും.

# ഉപസംഹാരം

വരും അക്കാദമിക് വർഷങ്ങളിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ കഴിയും എന്നാണ് ഞങ്ങളുടെ വിശ്വാസം. നല്ല രീതിയിൽ ഞങ്ങൾക്ക് മാർഗദർശിയായി പ്രവർത്തിക്കുന്ന സ്കൂൾ മാനേജ്മെന്റിന്റെയും പി.റ്റി.എയുടെയും സ്കൂൾ വികസന സമിതിയുടെയും വിവിധ ക്ലബ്ബുകളുടെയും പൂർണ്ണമായ സാന്നിധ്യ സഹകരണം തുടർന്നും വരും വർഷങ്ങളിൽ ലഭിത്തക്ക കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാകും എന്ന് കരുതുന്നു. ഈ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ സരസ്വതി ക്ഷേത്രം പുരോഗതിയുടെ പുതു പടവുകളിലേക്ക് എത്തിച്ചേരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇത്തരം പ്രതീക്ഷകളുടെ അടിസ്ഥാനത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരും വർഷങ്ങളിൽ നടപ്പിലാക്കുകയും സ്കൂളിന്റെ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിലും ഭൗതികപരമായ സാഹചര്യങ്ങളിലും (സ്കൂൾ കെട്ടിടം, ജൈവ വൈവിധ്യപാർക്ക്, ശലഭോദ്യാനം, സ്കൂൾ ഗ്രൗണ്ട്) മികച്ച നിർമ്മാണ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ മികവിലേക്ക് നയിക്കുവാൻ കഴിയുന്നതാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ചെക്ക് ലിസ്റ്റ്

1. സ്കൂളിനെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതു ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. കണ്ടെത്തിയ പ്രശ്നമേഖലകളുടെ രേഖപ്പെടുത്തലുണ്ട്.
4. പ്രശ്നമേഖലകളുടെ അടിസ്ഥാനത്തിലാണ് ലക്ഷ്യങ്ങൾ നിർമ്മിച്ചിരിക്കുന്നത്.
5. ലക്ഷ്യത്തിലെത്തിച്ചേരാനുള്ള പ്രവർത്തനങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
6. പ്രവർത്തനങ്ങൾക്ക് പ്രായോഗികതയുണ്ട്.
7. എല്ലാ കുട്ടികളെയും പരിഗണിക്കുന്നുണ്ട്.
8. പ്രവർത്തനങ്ങൾ ഹ്രസ്വം, മധ്യമ, ദീർഘം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.
9. സ്കൂൾ നിൽക്കുന്ന പ്രദേശത്തെ മുഴുവൻ ജനങ്ങളെയും കുട്ടികളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കാൻ പദ്ധതികൾ/ഘടകങ്ങൾ പ്ലാനിലുണ്ട്.
10. ഓരോ പ്രവർത്തനവും നടപ്പാക്കുന്ന രീതി, സമയക്രമം, ചുമതല എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
11. പിന്തുണ/മോണിറ്ററിങ്ങ് എങ്ങനെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
12. പാഠ്യപദ്ധതി സമീപനവുമായി നീതി പുലർത്തിയിട്ടുണ്ട്.